# 1967ലെ അതിർത്തികൾ അംഗീകരിക്കില്ലെന്ന് നെതന്യാഹു



ഫലസ്തീൻ-ഇസ്രയേൽ സംഘർഷത്തിന് ശാശ്വത പരിഹാരം കാണുന്നതിന് ഇസ്രയേൽ 1967ലെ യുദ്ധത്തിന് മുമ്പുള്ള അതിർത്തികളിലേക്ക് പിൻമാറണമെന്ന അമേരിക്കൻ പ്രസിഡന്റ് ബറാക് ഒബാമയുടെ നിർദേശം ഇസ്രയേൽ പ്രധാനമന്ത്രി ബെൻയാമിൻ നെതന്യാഹു തള്ളി. അമേരിക്കയിലെ ഏറ്റവും ശക്തമായ ജൂതലോബിയായ അമേരിക്കൻ ഇസ്രയേൽ പബ്ലിക് അഫയേഴ്സ് കമ്മിറ്റി (ഐപക്)യുടെ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു നെതന്യാഹു. പ്രശ്നപരിഹാരത്തിന് ആത്മാർഥ ശ്രമങ്ങൾ നടത്താൻ നെതന്യാഹുവിന് യാതൊരു താൽപര്യവുമില്ലെന്നതിന് തെളിവാണ് ഈ പ്രസ്താവനയെന്ന് പി.എൽ.ഒ വക്താവ് യാസിർ അബ്ദുർറബ്ബ പറഞ്ഞു. ഒബാമയുടെ നീക്കത്തെ അമേരിക്കകത്ത് വെച്ച് തന്നെ അലസിപ്പിക്കാനുള്ള നീക്കമാണ് നെതന്യാഹു നടത്തുന്നതെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

മധ്യപൗരസ്ത്യത്തെക്കുറിച്ചുള്ള ഒരു നയവിശദീകരണ പ്രഭാഷണത്തിൽ, അധിനിവിഷ്ട പടിഞ്ഞാറെ കരയുടെയും ഗസ്സയുടെയും അതിർത്തികൾ 1967ലെ യുദ്ധത്തിനു മുമ്പുള്ള നില പരിഗണിച്ചുകൊണ്ട് മാറ്റിവരക്കുന്നത് പ്രശ്നപരിഹാരത്തിന് വഴി തുറക്കുമെന്ന് ഒബാമ അഭിപ്രായപ്പെട്ടിരുന്നു. ഫലസ്തീൻ സംഘടനകൾ ഉൾപ്പെടെ വിവിധ ലോകവേദികൾ ഈ നിർദേശത്തെ സ്വാഗതം ചെയ്തു. ഐപക് പോലുള്ള ജൂതലോബികളുടെ സമ്മർദത്തെ തുടർന്ന് ഒബാമ നിലപാടിൽ മാറ്റം വരുത്തുന്നതായി സൂചനയുണ്ട്. പടഞ്ഞാറെ കരയിൽ ഇസ്രയേൽ നടത്തുന്ന പാർപ്പിടം നിർമാണം നിർത്തിവെക്കാത്തതിന്റെ പേരിൽ ഇസ്രയേൽ-ഫലസ്തീൻ സമാധാനചർച്ചകൾ ഏതാനും വർഷങ്ങളായി പാടെ നിലച്ചിരിക്കുകയാണ്.

## ഖർത്വൂം ബാങ്കിന് പുതുജന്മം

അമേരിക്ക സാമ്പത്തിക ഉപരോധം നീക്കിയതോടെ സുഡാനിലെ ഖർത്വൂം ബാങ്ക് പുതിയ വികസന പദ്ധതികൾ ആവിഷ്കരിക്കുന്ന തിരക്കിലാണ്. വൻതോതിൽ വിദേശ നിക്ഷേപം ബാങ്ക് അധികൃതർ പ്രതീക്ഷിക്കുന്നുണ്ട്. പത്ത് വർഷത്തെ ഉപരോധത്തിന് ശേഷമാണ് സുഡാനിലെ ബാങ്കുകൾക്ക് പുറം ലോകവുമായി ബന്ധപ്പെടാൻ അവസരം ലഭിക്കുന്നത്. "പുറംനാടുകളിൽ നിരവധി നിക്ഷേപസാധ്യതകൾ ബാങ്ക് കാണുന്നുണ്ട്. വിദേശനിക്ഷേപം ധാരാളമായി ലഭിച്ചാലേ പ്രൊജക്ടുകൾ പൂർത്തീകരിക്കാനാവൂ." ഖർത്വൂം ബാങ്ക് ഡയറക്ടർ ഫാദി സലീം ഫഖീഹ് പറഞ്ഞു.

2005ൽ സ്വകാര്യവൽക്കരിക്കപ്പെട്ട ഖർത്വൂം ബാങ്ക് സുഡാനിലെ ഏറ്റവും വലിയ ബാങ്കായി മാറിയത് മറ്റുചില ബാങ്കുകളുമായി ലയനം പൂർത്തിയാക്കിയ ശേഷമാണ്. അമ്പത് ശാഖകളുണ്ട് ഇതിന്. ഒന്നര ബില്യൻ ഡോളറിലധികം ആസ്തിയുമുണ്ട്.

അബൂ സ്വാലിഹ

# അബയീ അഭ്യന്തരയുദ്ധത്തിന് വഴിമരുന്നിടുമോ?



സുഡാന്റെ വടക്കൻ-തെക്കൻ മേഖലകൾ വീണ്ടും ഏറ്റുമുട്ടലിലേക്ക്. രണ്ടിലധികം പതിറ്റാണ്ട് നീണ്ട അഭ്യന്തരയുദ്ധത്തിന് 2005ലെ ഒത്തുതീർപ്പ് വ്യവസ്ഥകൾ അറുതി വരുത്തും എന്നായിരുന്നു പ്രതീക്ഷ. ഒത്തുതീർപ്പ് വ്യവസ്ഥ പ്രകാരമായിരുന്നു മാസങ്ങൾക്ക് മുമ്പ് തെക്കൻ സുഡാനിൽ ഹിതപരിശോധന നടന്നത്. മഹാഭൂരിപക്ഷവും വടക്കൻ സുഡാനിൽനിന്ന് വേർപെട്ട് തെക്കൻ സുഡാൻ സ്വതന്ത്ര രാജ്യമാവണമെന്നാണ് അഭിപ്രായപ്പെട്ടത്. അടുത്ത ജൂലൈ 9-ന് സ്വതന്ത്രരാഷ്ട്രം പിറക്കാനിരിക്കെയാണ് ഇരു രാഷ്ട്രങ്ങളുടെയും അതിർത്തിയിൽ കിടക്കുന്ന അബയീ മേഖലയിൽ സംഘർഷം പൊട്ടിപ്പുറപ്പെട്ടത്. എണ്ണ സമ്പന്നമായ ഈ മേഖല ഏത് രാഷ്ട്രത്തിൽ പെടുമെന്ന് ഇതുവരെ തീരുമാനമായിട്ടില്ല. തർക്കത്തെ തുടർന്ന് അബയീയിൽ ഹിതപരിശോധനയും നടന്നിട്ടില്ല.

ഇതിനിടെയാണ് വടക്കൻ സുഡാൻ സൈനികരുടെ അകമ്പടിയുള്ള ഒരു യു.എൻ സംഘത്തെ തെക്കൻ സുഡാനിലെ സൈനികർ അക്രമിച്ചത്. ഇതിൽ വടക്കൻ സുഡാനിലെ 22 സൈനികർ കൊല്ലപ്പെട്ടിരുന്നു. ഇതിന് പ്രതികാരമായി വടക്കൻ സുഡാൻ സേന അബയീ മേഖലയിൽ കടന്നു. തുടർന്ന് വ്യാപകമായ കൊള്ളയും കൊള്ളിവെപ്പും അരങ്ങേറി. ഇതാരാണ് നടത്തിയതെന്ന് വ്യക്തമല്ല. ഇരു സുഡാനി സേനകളും പരസ്പരം കുറ്റപ്പെടുത്തുകയാണ്. വടക്കൻ സുഡാനെ സമ്മർദത്തിലാക്കാനുള്ള സാമ്രാജ്യത്വ ശക്തികളുടെ നീക്കമാണ് സംഘർഷത്തിന് കാരണമെന്ന് സംശയിക്കുന്നുണ്ട്.

അബയീ മേഖലയിൽ വടക്കൻ സുഡാൻ സേന കടന്നതിനെ 'അധിനിവേശം' എന്നാണ് അമേരിക്ക വിശേഷിപ്പിച്ചത്. സേനാപിൻമാറ്റം നടത്താതെ ചർച്ചയിലൂടെ പരിഹാരം കാണാനാണ് താൻ ആഗ്രഹിക്കുന്നതെന്ന് സുഡാൻ പ്രസിഡന്റ് ഉമറുൽ ബശീർ പറഞ്ഞതോടെ, സംഘർഷത്തിന് അയവ് വന്നെങ്കിലും, അബയീയെ ചൊല്ലിയുള്ള അവകാശത്തർക്കം വീണ്ടും ഉയർന്നുവരുമെന്ന് തീർച്ച.

## നവനൂറ്റാണ്ടിലെ ഏറ്റവും വലിയ സംഭവം അറേബ്യൻ വിപ്ലവങ്ങൾ



വില്യം ഹേഗ്

മധ്യപൗരസ്ത്യ ദേശത്തെ പിടിച്ചു കുലുക്കുന്ന ജനാധിപത്യ പ്രക്ഷോഭങ്ങളാണ് പുതിയ നൂറ്റാണ്ടിലെ ഏറ്റവും സുപ്രധാനമായ സംഭവവികാസമെന്ന് ബ്രിട്ടീഷ് വിദേശകാര്യമന്ത്രി വില്യം ഹേഗ്. 2001 സെപ്റ്റംബർ 11ന് അമേരിക്കയിലുണ്ടായ ഭീകരാക്രമണവും 2008ലെ സാമ്പത്തിക പ്രതിസന്ധിയും ഇത്രത്തോളം പ്രാധാന്യമുള്ള സംഭവങ്ങളായി താൻ കരുതുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. 2011ൽ അറേബ്യൻ മേഖലയിലുണ്ടായ സംഭവങ്ങൾ ചരിത്രഗതിയെ തന്നെ തിരിച്ച് വിടാൻ മാത്രം ശക്തമാണ്. മധ്യപൗരസ്ത്യ ദേശത്തും വടക്കനാഫ്രിക്കയിലും നടക്കുന്ന പ്രക്ഷോഭങ്ങൾ അവയുടെ പ്രാഥമിക ഘട്ടം തരണം ചെയ്തിട്ടില്ലെങ്കിലും, കഴിഞ്ഞ നൂറ്റാണ്ടിലെ ബർലിൻ മതിലിന്റെ തകർച്ചയുമായി അതിനെ തുലനം ചെയ്യാവുന്നതാണ്. അറബ് പ്രക്ഷോഭങ്ങൾ വിജയം കാണുമെങ്കിൽ ശീതയുദ്ധാനന്തരമുള്ള ഏറ്റവും വലിയ ജനാധിപത്യ സമരമുന്നേറ്റമായി അതിനെ കണക്കാക്കാമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.